**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1856** **15-03-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് കാർഡ് രൂപത്തിൽ ഡ്രൈവിങ് ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇപ്പോൾ ഡ്രൈവിങ് ലൈസൻസ് നൽകുന്നത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ലാമിനേറ്റഡ് കാർഡ് രൂപത്തിലാണ് നിലവിൽ ഡ്രൈവിങ് ലൈസൻസ് നൽകുന്നത്. |
| (ബി) | സാങ്കേതിക വിദ്യ ഇത്രകണ്ട് വികാസം പ്രാപിച്ച ഈ കാലഘട്ടത്തിലും വെറുമൊരു കാർഡ് രൂപത്തിൽ ലൈസൻസ് നൽകുന്നതിന് പകരം സ്മാർട്ട് കാർഡായി ഡ്രൈവിങ് ലൈസൻസ് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വെളിപ്പെടുത്തുമോ; | (ബി) | ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് കാർഡാക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട്, 'റോസ്മെർട്ട സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്" ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.13525/2019 കേസിൽ, സ്റ്റേ നിലവിലുണ്ട്. പ്രസ്തുത സ്റ്റേ ഒഴിവായാൽ മാത്രമേ ആധുനിക ഡ്രൈവിംഗ് ലൈസൻസ് കാർഡുകളുടെ കാര്യത്തിൽ തീരുമാനമെടുക്കാനാവൂ. സ്റ്റേ ഒഴിവാക്കാൻ വേണ്ടിയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. |
| (സി) | ഇല്ലെങ്കിൽ ഡ്രൈവിങ് ലൈസൻസ് സ്മാർട്ട് കാർഡായി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് കാർഡാക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട്, 'റോസ്മെർട്ട സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്" ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.13525/2019 കേസിൽ, സ്റ്റേ നിലവിലുണ്ട്. പ്രസ്തുത സ്റ്റേ ഒഴിവായാൽ മാത്രമേ ആധുനിക ഡ്രൈവിംഗ് ലൈസൻസ് കാർഡുകളുടെ കാര്യത്തിൽ തീരുമാനമെടുക്കാനാവൂ. സ്റ്റേ ഒഴിവാക്കാൻ വേണ്ടിയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ